പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5437.

24.05.2017 - ൽ
മറുപടിയ്ക്ക്

## പോലീസിലെ ആശ്രിത നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസിൽ എന്ത് മാനദണ്ഡം അനുസരിച്ചാണ് ആശ്രിത നിയമനം നടത്തുന്നത് ; ആശ്രിത നിയമനം ലഭിയ്ക്കുന്നത് എത്ര ശതമാനം പേർക്കാണ് ; | (എ) | 24.05.1999 ലെ സ.ഉ(പി)നം. 12/99/ഉഭപവ ഉത്തരവ് പ്രകാരമാണ് ആശ്രിത നിയമനം നൽകുന്നത്. മാതൃവകുപ്പിൽ ആശ്രിത നിയമനത്തിന് അപേക്ഷിച്ചിട്ടുള്ളവർക്ക് നിലവിലുള്ളതും ഉടനെ ഉണ്ടാകുന്നതുമായ ഒഴിവിലേയ്ക്കാണ് നിയമനം നൽകേണ്ടത്. |
| (ബി) സംസ്ഥാനത്ത് ആശ്രിതനിയമനം ലഭിച്ചവരുടെ നിയമനം എന്ത് മാനദണ്ഡം അനുസരിച്ചാണ് റഗുലറൈസ് ചെയ്യുന്നത്; നിലവിൽ ഉണ്ടാകുന്ന ഒഴിവിന്റെ എത്ര ശതമാനമാണ് ആശ്രിത നിയമനത്തിനായി പരിഗണിക്കുന്നത് ; | (ബി) | പോലീസ് വകുപ്പിൽ സംഖ്യാധിക തസ്തികയിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരായി ജോലിയിൽ പ്രവേശിച്ചവരിൽ, മാതൃവകുപ്പിൽ ആശ്രിത നിയമനത്തിന് അപേക്ഷിച്ച്, മാതൃവകുപ്പിൽ തന്നെ നിയമനം ലഭിച്ചവർക്ക് 24.05.1999 ലെ സ.ഉ(പി)നം. 12/99/ഉഭപവ പ്രകാരവും; മറ്റ് വകുപ്പുകളിൽ നിയമനം ലഭിച്ചവർക്ക് 21.07.2014 ലെ സ.ഉ(കൈ)നം. 22/14/ഉഭപവ പ്രകാരവുമാണ് നിലവിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ഇപ്പോൾ റഗുലറൈസ് ചെയ്തു വരുന്നത്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസിൽ അശ്രിത നിയമനം ലഭിച്ചവരിൽ എത്ര പേരുടെ സർവ്വീസ് റഗുലറൈസ് ചെയ്തു നൽകിയിട്ടുണ്ട് ; | (സി) | 107 പേരെ റഗുലറൈസ് ചെയ്തിട്ടുണ്ട് |
| (ഡി) പോലീസിൽ ആശ്രിതനിയമനം വഴി ജോലി ലഭിച്ചവരുടെ സർവ്വീസ് അനർഹമായി റഗുലറൈസ് ചെയ്യുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തെറ്റായ രീതിയിൽ റഗുലറൈസ് ചെയ്യപ്പെട്ട ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ? | (ഡി) | അനർഹമായി ആരേയും റഗുലറൈസ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ